ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ജനാധിപത്യ സംവിധാനത്തിൽ സ്വതന്ത്രവും നീതിയുക്തവുമായ പത്രപ്രവർത്തനത്തിന് ഏറെ പ്രാധാന്യമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu said that a free and fair press is of great importance in a democratic system.**

2. ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായി നിലകൊള്ളുന്നതായി റിസർവ് ബാങ്ക്.

   **The Indian economy continues to demonstrate resilience despite global challenges.**

3. അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ രാജ്യത്ത് പതിനായിരം ജൻ ഔഷധി കേന്ദ്രങ്ങൾ കൂടി തുറക്കാൻ സർക്കാർ തീരുമാനിച്ചതായി കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ.

   **Union Health Minister J.P. Nadda says government to open ten thousand more Jan Aushadhi outless.**

4. എല്ലാ ബന്ദികളെയും മോചിപ്പിക്കണമെന്നും ഗാസയിലെ ജനങ്ങൾക്ക് മാനുഷിക പരിഗണന നൽകുന്നത് തുടരണമെന്നും ഇന്ത്യ.

India calls for the release of all hostages and the continuation of humanitarian treatment for the people of Gaza.

5. കേരളത്തിലെ ആശാപ്രവർത്തകരുടെ പ്രശ്നങ്ങൾ മന്ത്രി വീണാ ജോർജ് ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.നഡ്ഡയുമായി ചർച്ച ചെയ്യും.

Minister Veena George will discuss the issues of Asha workers in Kerala with Union Health Minister J.P. Nadda today in Delhi.

6. ഖേലോ ഇന്ത്യ പാരാ ഗെയിംസിന്, ന്യൂഡൽഹിയിൽ ഇന്ന് തുടക്കം.

Khelo India Para Games to begin in New Delhi today.

&&&&&&&&&&&&&&&&&&

## UDYAM UTSAV

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയം സംഘടിപ്പിക്കുന്ന ഉദ്യം ഉത്സവിന് ഇന്ന് രാഷ്ട്രപതി ഭവനിൽ തുടക്കമാകും. പരിപാടിയോടനുബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന പവലിയനുകൾ രാഷ്ട്രപതി ദ്രൗപദി മുർമു സന്ദർശിക്കും. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ശാക്തീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് ഈ മാസം 30 വരെ ഉദ്യം ഉത്സവ് സംഘടിപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## GOENKA AWARDS (INTRO)

മാധ്യമ പ്രവർത്തനത്തിന്റെ ആത്മാവായ വാർത്താ ശേഖരണം ശക്തിപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ 19-മത് രാംനാഥ് ഗോയങ്ക മാധ്യമ പുരസ്കാരങ്ങൾ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. പത്രപ്രവർത്തനത്തിലെ മികവിന്റെ നിലവാരം ഉയർത്തുന്നതിനും, ജനാധിപത്യത്തിന്റെ വേരുകൾ ശക്തിപ്പെടുത്തുന്നതിനും ഈ പുരസ്ക്കാരങ്ങൾ വലിയ സംഭാവന നൽകിയിട്ടുണ്ടെന്ന് ശ്രീമതി ദ്രൗപദി മുർമു വ്യക്തമാക്കി. ജനാധിപത്യ സംവിധാനത്തിൽ സ്വതന്ത്രവും നീതിയുക്തവുമായ പത്രപ്രവർത്തനത്തിന് അതീവ പ്രാധാന്യം ഉണ്ടെന്നും അവർ പറഞ്ഞു.
(വോയിസ്)

&&&&&&&&&&&&&&&&&&

## PM-BILL GATES

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ന്യൂഡൽഹിയിൽ ബിൽ & മെലിൻഡ ഗേറ്റ്സ് സ്ഥാപകൻ ബിൽ ഗെയ്റ്റ്സുമായി കൂടിക്കാഴ്ച നടത്തി. മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് സാങ്കേതികവിദ്യ, നൂതനാവിഷ്ക്കാരം, സുസ്ഥിരത തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ച ചെയ്തതായി പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## THE RESERVE BANK

ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ്വ്യവസ്ഥ ശക്തമായി നിലകൊള്ളുകയാണെന്ന് റിസർവ് ബാങ്കിന്റെ പ്രതിമാസ ബുള്ളറ്റിൻ. "സമ്പദ്വ്യവസ്ഥയുടെ സ്ഥിതി" എന്ന

ലേഖനത്തിൽ വർദ്ധിച്ചുവരുന്ന വ്യാപാര സംഘർഷങ്ങളും തീരുവ തർക്കങ്ങളും ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തുന്നതായി പറയുന്നു.. എന്നാൽ, ഈ വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെട്ടതായി ലേഖനം വ്യക്തമാക്കുന്നു. പണപ്പെരുപ്പം ഏഴ് മാസത്തെ ഏറ്റവും താഴ്ന്ന നിരക്കായ 3.6 ശതമാനമാനത്തിലെത്തി.

&&&&&&&&&&&&&&&&&&

## AMIT SHAH - RAJYA SABHA (INTRO)

ആഭ്യന്തര മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള രാജ്യസഭയിലെ ചർച്ചയ്ക്കിടെ ടിഎംസി എംപി സാകേത് ഗോഖലെ വിമർശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ചർച്ചയ്ക്കിടെ സിബിഐ വിഷയം ഉന്നയിച്ചതിനെയാണ് കേന്ദ്ര ആഭ്യന്തര മന്ത്രി വിമർശിച്ചത്. സിബിഐ ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ വരുന്നതല്ലെന്നും ടിഎംസി അംഗം ആഭ്യന്തര മന്ത്രാലയത്തിന്റെ പ്രവർത്തനത്തിൽ മാത്രമായി പ്രസംഗം ചുരുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

(ബൈറ്റ്)

സംസ്ഥാന സർക്കാർ പ്രത്യേക സിബിഐ കോടതികൾ സ്ഥാപിക്കാത്തതുകൊണ്ടാണ് പശ്ചിമ ബംഗാളിൽ കേസുകൾ കെട്ടിക്കിടക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ചർച്ചയിൽ പങ്കെടുത്ത ബിജെപിയുടെ സുധാൻഷു ത്രിവേദി, പ്രധാനമന്ത്രി നരേന്ദ്ര മോദി അധികാരമേറ്റ ശേഷം ഭീകരതയ്ക്കെതിരെ സ്വീകരിച്ച നടപടികളെ പ്രശംസിച്ചു.

&&&&&&&&&&&&&&&&&&

## KIREN RIJIJU-PARLIAMENT

വിവിധ പദ്ധതികളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും, ന്യൂനപക്ഷ സമുദായങ്ങൾ ഉൾപ്പെടെ എല്ലാവരുടെയും സാമൂഹിക-

സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിച്ചു വരികയാണെന്ന് ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. വിദ്യാഭ്യാസ ശാക്തീകരണ പദ്ധതികൾ, പിഎം വികാസ്, പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം എന്നിവ ന്യൂനപക്ഷകാര്യ മന്ത്രാലയം നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളാണ്. ദേശീയ ന്യൂനപക്ഷ വികസന, ധനകാര്യ കോർപ്പറേഷൻ 2024-25 ൽ 850 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യും. ന്യൂനപക്ഷകാര്യ മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതികൾ ലോക്സഭയിൽ വിശദീകരിക്കയായിരുന്നു ശ്രീ.റിജിജു.

&&&&&&&&&&&&&&&&&&

## HEALTH MINISTER - RAJYA SABHA (INTRO)

രാജ്യത്ത് നിലവിൽ 15,000 ജൻ ഔഷധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ആരോഗ്യമന്ത്രി ജെ.പി.നഡ്ഡ. അടുത്ത രണ്ട് വർഷത്തിനുള്ളിൽ പതിനായിരം കേന്ദ്രങ്ങൾ കൂടി തുറക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള രാജ്യസഭയിലെ ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു മന്ത്രി.

(ബൈറ്റ്)

രോഗശമന നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന പഴയ ആരോഗ്യ നയത്തിൽ നിന്ന് വ്യത്യസ്തമായി, പാലിയേറ്റീവ്, രോഗശമനം, പുനരധിവാസം, പ്രതിരോധം അടക്കമുള്ള സമഗ്ര സമീപനമാണ് പുതിയ ആരോഗ്യ നയത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് ശ്രീ നഡ്ഡ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## GADKARI EXPO

രാജ്യത്തെ മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 42 ശതമാനത്തിലധികവും ഹരിത വൈദ്യുതിയാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. 32-മത്

കൺവെർജൻസ് ഇന്ത്യ എക്സ്പോ, സ്മാർട്ട് മൊബിലിറ്റി ഇന്ത്യ എക്സ്പോ, 10-മത് സ്മാർട്ട് സിറ്റീസ് ഇന്ത്യ എന്നിവയെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സമീപ ഭാവിയിൽ ഡൽഹി-ജയ്പൂർ, ചെന്നൈ-ബെംഗളൂരു യാത്രാ സമയം രണ്ട് മണിക്കൂറായി കുറയുമെന്ന് അദ്ദേഹം പറഞ്ഞു. ഡൽഹി-മുംബൈയിലേക്കുള്ള യാത്രാ സമയം പന്ത്രണ്ട് മണിക്കൂറായി കുറയും.

&&&&&&&&&&&&&&&&&&

## LS - JITENDRA SPACE

2035 - ൽ ഭാരത് അന്തരിക്ഷ് സ്റ്റേഷൻ എന്ന ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയം സ്ഥാപിക്കുന്നത് പരിഗണനയിലെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. 2040-ഓടെ ഇന്ത്യൻ ബഹിരാകാശ യാത്രികൻ ചന്ദ്രനിലിറങ്ങുമെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. മനുഷ്യനെ ബഹിരാകാശത്തെത്തിക്കുന്ന ഗഗൻയാൻ ദൗത്യത്തിന്റെ പരീക്ഷണ പറക്കൽ ഈ വർഷം അവസാനത്തോടെയുണ്ടാകുമെന്നും ശ്രീ ജിതേന്ദ്രസിംഗ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## CABINET BRIEFING

കർഷകർക്കായുള്ള പുതുക്കിയ രാഷ്ട്രീയ ഗോകുൽ മിഷന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പദ്ധതിക്കായി 3,400 കോടി രൂപ വകയിരുത്തിയതായി ന്യൂഡൽഹിയിൽ മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പദ്ധതിയിലൂടെ പാൽ ഉൽപാദനം വർദ്ധിപ്പിക്കുകയും കർഷകർക്ക് മികച്ച വരുമാനം ലഭിക്കുകയും ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

ചെറിയ തുകയ്ക്കുള്ള BHIM-UPI ഇടപാടുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പാരിതോഷിക പദ്ധതിയും കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചു.

&&&&&&&&&&&&&&&&&&

## MEA-GAZA

ഗാസയിലെ സ്ഥിതിഗതികളിൽ ആശങ്ക പ്രകടിപ്പിച്ച് വിദേശകാര്യ മന്ത്രാലയം. എല്ലാ ബന്ദികളെയും മോചിപ്പിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. ഗാസയിലെ ജനങ്ങൾക്ക് മാനുഷിക സഹായം നൽകുന്നത് തുടരണമെന്നും മന്ത്രാലയം പറഞ്ഞു. ഇസ്രായേൽ ആക്രമണങ്ങളിൽ 400-ലധികം പേർ കൊല്ലപ്പെട്ടതായി ഹമാസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## RUSSIA UKRAINE-PRISONERS

കഴിഞ്ഞ മൂന്ന് വർഷത്തിനിടെയുള്ള ഏറ്റവും വലിയ ബന്ദികൈമാറ്റം നടത്തി റഷ്യയും യുക്രൈനും. 75 വീതം ബന്ദികളെ കൈമാറിയതായി ഇരു രാജ്യങ്ങളും അറിയിച്ചു. സമാധാനം പുനഃസ്ഥാപിക്കുന്നതിനും പരസ്പര വിശ്വാസം കെട്ടിപ്പടുക്കുന്നതിനും ഇത് സഹായകമാകുമെന്ന് യുക്രേനിയൻ പ്രസിഡന്റ് വോളോഡിമിർ സെലൻസ്കി അറിയിച്ചു. സാരമായി പരിക്കേറ്റ 22 യുക്രൈൻ സൈനികരെ കൂടി മോചിപ്പിച്ചതായി റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു. അതേസമയം, അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി നടത്തിയ ചർച്ചയുടെ ഭാഗമായി ഭാഗിക വെടിനിർത്തൽ കരാറിന് യുക്രൈൻ സമ്മതിച്ചതായി അമേരിക്ക അറിയിച്ചു.

&&&&&&&&&&&&&&&&&&

## NIYAMASABHA-R.BINDU

പ്രോ ചാൻസലറെന്ന നിലയിൽ മന്ത്രിക്കോ വൈസ് ചാൻസലറെ മറികടക്കാൻ പ്രോ വൈസ് ചാൻസലർക്കോ അമിത അധികാരം നൽകുന്ന ഒരു വ്യവസ്ഥയും സർവകലാശാലാ ഭേദഗതി ബില്ലിൽ ഇല്ലെന്ന് മന്ത്രി ആർ.ബിന്ദു നിയമസഭയിൽ പറഞ്ഞു. കുസാറ്റ്, മലയാളം, സാങ്കേതിക സർവകലാശാലകളുടെ ഭേദഗതി ബിൽ അവതരിപ്പിക്കുകയായിരുന്നു മന്ത്രി. ചർച്ചയ്ക്ക് ശേഷം ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു.

&&&&&&&&&&&&&&&&&&

## MUNDAKAI - CHURALMALA

മുണ്ടക്കൈ - ചൂരൽമല പുനരധിവാസത്തിന് 72 ഗുണഭോക്താക്കൾ ഇതുവരെ സമ്മതപത്രം നൽകി. മേപ്പാടി ഗ്രാമപഞ്ചായത്തിലെ മൂന്ന് വാർഡുകളിൽപ്പെട്ടവരാണ് ഇവർ.

&&&&&&&&&&&&&&&&&&

## VEENA GEORGE

കേരളത്തിൽ സമരം തുടരുന്ന ആശാ പ്രവർത്തകരുമായി ആരോഗ്യ മന്ത്രി വീണാ ജോർജ് നടത്തിയ രണ്ടാം ഘട്ട ചർച്ചയും പരാജയം. ആശാ പ്രവർത്തകരുടെ ഓണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നഡ്ഡയുമായി ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തുമെന്നും മന്ത്രി അറിയിച്ചു. തങ്ങളുടെ ആവശ്യങ്ങളൊന്നും സംസ്ഥാന സർക്കാർ അംഗീകരിച്ചില്ലെന്നും സമരം തുടരുമെന്നും ആശാ പ്രവർത്തകർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## KHELO INDIA PARA GAMES- LAUNCH

ഖേലോ ഇന്ത്യ പാരാ ഗെയിംസിന്, ന്യൂഡൽഹിയിൽ ഇന്ന് തുടക്കം. ഈ മാസം 27 വരെ നീളുന്ന ഗെയിംസിന്റെ ഗാനം, ഭാഗ്യചിഹ്നം, ലോഗോ എന്നിവ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ സാന്നിധ്യത്തിൽ ചൊവ്വാഴ്ച പ്രകാശനം ചെയ്തു. ആറ് ഇനങ്ങളിലായി ആയിരത്തി മുന്നൂറിലധികം പാരാ അത്‌ലറ്റുകൾ ഗെയിംസിൽ മാറ്റുരയ്ക്കും.

&&&&&&&&&&&&&&&&&&

## SWISS OPEN BADMINTON

സ്വിസ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് പ്രീ ക്വാർട്ടറിൽ ഇന്ത്യയുടെ ട്രീസാ ജോളി- ഗായത്രി ഗോപീചന്ദ് സഖ്യം ഇന്ന് ജർമ്മൻ സഖ്യത്തോട് ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ സഖ്യം സ്വിറ്റ്സർലാൻഡ് ടീമിനെ പരാജയപ്പെടുത്തിയിരുന്നു.

വനിതാ സിംഗിൾസിൽ പി.വി.സിന്ധു ഡെൻമാർക്ക് താരത്തോടും മാളവിക ബൻസോദ് കനേഡിയൻ താരത്തോടും പരാജയപ്പെട്ടു. പുരുഷ സിംഗിൾസിൽ കിഡംബി ശ്രീകാന്ത് എച്ച് എസ് പ്രണോയിയെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## INDIA -MALDIVES FOOTBALL

സൗഹൃദ ഫുട്ബോൾ മത്സരത്തിൽ മാൽഡീവ്സിനെതിരെ ഇന്ത്യയ്ക്ക് അനായാസ ജയം. എതിരില്ലാത്ത മൂന്നു ഗോളുകൾക്കായിരുന്നു ഇന്ത്യയുടെ ജയം. മേഘാലയിലെ ഷില്ലോങ്ങിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ ആദ്യ മത്സരമായിരുന്നു ഇന്ത്യ-മാൽഡീവ്സ് മത്സരം. മുൻ ക്യാപ്റ്റൻ സുനിൽ ഛേത്രി വിരമിക്കൽ പിൻവലിച്ച് തിരിച്ചെത്തിയ ശേഷമുള്ള ആദ്യ മത്സരത്തിൽ ഒരു ഗോൾ നേടി.

&&&&&&&&&&&&&&&&&&

## WAVES FOOTBALL

ജർമൻ കപ്പ് ഫുട്ബോൾ, ഡിഎഫ്ബി പൊക്കൽ സെമി ഫൈനൽ-ഫൈനൽ മത്സരങ്ങൾ വേവ്സ് ഒടിടി പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കും. ഇത് സംബന്ധിച്ച ധാരണാപത്രത്തിൽ പ്രസാർഭാരതിയും ഡിഎഫ്ബി ജർമ്മനിയും ഒപ്പിട്ടു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഫുട്ബോൾ ബന്ധം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടാണ് തീരുമാനം.

&&&&&&&&&&&&&&&&&&

## CM -IFTHAR

മുഖ്യമന്ത്രി പിണറായി വിജയൻ ഇഫ്താർ വിരുന്ന് സംഘടിപ്പിച്ചു. സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റേയും സന്ദേശം പകർന്നു നടന്ന ചടങ്ങിൽ മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&